**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1657** **08-12-2022 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസർമാർക്കുള്ള സ്പെഷ്യൽ അലവൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം വില്ലേജ് ഓഫീസർമാർക്ക് സ്പെഷ്യൽ അലവൻസ് നൽകുന്നുണ്ടോ; എങ്കിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ഉത്തരവിൻപ്രകാരം 1500/- രൂപയാണ് വില്ലേജ് ഓഫീസർമാർക്ക് സ്പെഷ്യൽ അലവൻസായി അനുവദിച്ചിട്ടുള്ളത്. |
| (ബി) | റവന്യൂ റിക്കവറി വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത അലവൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (ബി) | ഇല്ല. ജോലിയുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ആഫീസുകളിൽ വില്ലേജ് ആഫീസർമാർമാരായി പ്രവർത്തിക്കുന്നവർക്ക് മാത്രമാണ് സ്പെഷ്യൽ അലവൻസ് പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (സി) | പ്രസ്തുത വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത അലവൻസ് നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | റവന്യൂ റിക്കവറി വില്ലേജ് ആഫീസർമാർക്ക് അലവൻസ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ